(ഇ) കേരളത്തിലേക്ക് സ്പിരിറ്റുൾപ്പെടെയുള്ള വ്യാജങ്ങൾ ചെറുവാഹനങ്ങളിൽ സംസ്ഥാനത്തിന് പുറത്തുനിന്നും കടത്തി കൊണ്ടുവരാനുള്ള സാധ്യതകൾ മുന്നിൽ കണ്ട് എല്ലാ ചെക്ക്പോസ്റ്റുകളിലും പരിശോധന ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെറുവാഹനങ്ങളും ആഡംബര കാറുകളും ഉൾപ്പെടെ എല്ലാ വാഹനങ്ങളും പരിശോധിക്കുകയും ചെയ്യുന്നു. കൂടാതെ എക്സൈസ് കമ്മീഷണറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള സ്പെഷ്യൽ സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും മദ്യം കടത്തുന്നത് സംബന്ധിച്ച ഇന്റലിജൻസ് വിവരങ്ങൾ ശേഖരിച്ച് അതിന്മേൽ നടപടി എടുത്തുവരുന്നു. എക്സൈസ് ഷാഡോ സംവിധാനം ഉപയോഗിച്ച് വ്യാജമദ്യത്തിന്റെ ഉൽപ്പാദനവും വിതരണവും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നടപടി സ്വീകരിച്ച് വരുന്നു. താലൂക്ക് തലങ്ങളിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കീഴിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും ജനകീയ കമ്മിറ്റികൾ യഥാസമയം കൂടി പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികളിന്മേലും നടപടി സ്വീകരിച്ച വരുന്നു. ലൈസൻസ് സ്ഥാപനങ്ങൾ അടച്ചു പൂട്ടിയ സാഹചര്യത്തിൽ 'റെഡ് അലർട്ട് ' പ്രഖ്യാപിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്.

അനധികൃതമായി മദ്യം വിളമ്പിയ ക്ലബ്ബുകൾക്കെതിരെ സ്വീകരിച്ച നടപടികൾ

128 (1997) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബാർ ഹോട്ടലുകളും സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിദേശമദ്യ ചില്ലറ വില്പനശാലകളും ഘട്ടംഘട്ടമായി അടച്ചുപൂട്ടാൻ തീരുമാനമെടുത്തത് എന്നാണ് ; ഇത്തരത്തിൽ ഒരു തീരുമാനം കൈക്കൊള്ളാൻ ഇടയാക്കിയ അടിയന്തര സാഹചര്യം എന്തെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ എത്ര ക്ലബ്ബുകൾക്കാണ് മദ്യം വിളമ്പുന്നതിന് സർക്കാർ ലൈസൻസ് നൽകിയിട്ടുള്ളത് ; അവ ഏതൊക്കെ ; ലൈസൻസ് ഫീസിനത്തിൽ എന്ത് തുകയാണ് ഇവരിൽനിന്നും വർഷം തോറും ഈടാക്കുന്നത് ; ബാർ ഹോട്ടലുകൾക്ക് ലൈസൻസ് ഫീ എത്രയാണ് ;

(സി) പുതിയ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ മദ്യ ഉപഭോഗം കുറയ്ക്കാൻ എത്ര ക്ലബ്ബുകളുടെ ലൈസൻസുകൾ റദ്ദാക്കിയിട്ടുണ്ട് ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കാമോ :

(ഡി) അനധികൃതമായി മദ്യം വിളമ്പിയ എത്ര ക്ലബ്ബുകൾക്കെതിരെ ഈ വർഷം കേസെടുത്തിട്ടുണ്ട് ; അവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഘട്ടംഘട്ടമായുള്ള മദ്യവർജ്ജനത്തിലൂടെയുള്ള മദ്യനിരോധനമാണ് സർക്കാരിന്റെ മദ്യനയം. 2011-12-ലെ അബ്കാരി നയത്തിൽ തന്നെ സംസ്ഥാനത്ത് മദ്യലഭ്യത കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. പുതിയ എഫ്.എൽ. 1 ഷോപ്പുകൾ അനുവദിക്കില്ലായെന്നും 2012 ഏപ്രിൽ മുതൽ ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിക്കില്ലായെന്നും തീരുമാനിച്ചു. സി.&എ.ജി. റിപ്പോർട്ടിൽ പരാമർശിച്ച 418 ഹോട്ടലുകൾക്കെതിരെ നടപടി വൈകുന്നുവെന്നുള്ള ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരാമർശത്തെ തുടർന്ന് ടി ഹോട്ടലുകളുടെ ബാർ ലൈസൻസുകൾ 1-4-2014 മുതൽ 2014-15 വർഷത്തേക്ക് പുതുക്കി നൽകിയിട്ടില്ലാത്തതും 2014-15 വർഷത്തെ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ ആകെയുള്ള വിദേശമദ്യ ചില്ലറവിൽപ്പന ശാലകൾ 10% വച്ച് 2-1-2014 മുതൽ വർഷംതോറും അടയ്ക്കുവാനും തീരുമാനിച്ചു.

(ബി) സംസ്ഥാനത്ത് മദ്യം വിളമ്പുന്നതിന് 33 ക്ലബ്ബുകൾക്കാണ് ലൈസൻസ് ഉള്ളത്. ക്ലബ്ബുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ലൈസൻസ് ഫീസിനത്തിൽ ഓരോ ക്ലബ്ബിൽനിന്നും 15 ലക്ഷം രൂപയാണ് വർഷംതോറും ഈടാക്കുന്നത്. ബാർ ഹോട്ടലുകളുടെ ലൈസൻസ് ഫീസ് ഒരു വർഷത്തേക്ക് 23,00,000 രൂപയാണ്.

(സി) പുതിയ മദ്യനയത്തിൽ ക്ലബ്ബുകളുടെ ലൈസൻസ് റദ്ദാക്കുന്നതിന് നയപരമായ തീരുമാനമെടുത്തിട്ടില്ല.

(ഡി) ഈ സാമ്പത്തിക വർഷം ക്ലബ്ബുകൾ അനധികൃതമായി മദ്യം വിളമ്പിയതായി കണ്ടെത്തിയിട്ടില്ല.

ബിവറേജസിന്റെ മദ്യവിൽപ്പന ശാലകൾ നീക്കം ചെയ്യാൻ നടപടി

129 (1998) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ-സംസ്ഥാന പാതയോരങ്ങളിൽനിന്നും ബിവറേജസിന്റെ മദ്യവില്പന ശാലകൾ നീക്കം ചെയ്യാനുള്ള ബഹു. ഹൈക്കോടതി ഉത്തരവുപ്രകാരം എത്ര ഔട്ട്ലെറ്റുകൾ മാറ്റേണ്ടതായിട്ടുണ്ട്; ഇവ മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇത്തരം പാതയോരങ്ങളിൽ നിന്നും മദ്യശാലകൾക്കുണ്ടാകേണ്ട ദൂരപരിധി എത്രയാണ് ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.